(28) തിരുവനന്തപുരത്ത് മെട്രോ റെയിൽവേ

<u>ശ്രീ. ബി. വിജയകുമാർ</u> : സർ, തിരുവനന്തപുരത്ത് മെട്രോ റെയിൽവേ സ്ഥാപിക്കാനുള്ള ഒരു നിർദ്ദേശം ഗവൺമെന്റിന്റെ മുമ്പിലുണ്ടായിരുന്നു. അങ്ങയുടെ ചേംബറിൽ തന്നെ നിരവധി പ്രാവശ്യം ഇതു സംബന്ധിച്ച് ഉദ്യോഗസ്ഥന്മാരുടേയും ജനപ്രതിനിധികളുടേയും യോഗം കൂടിയിരുന്നു. ചില യോഗങ്ങളിൽ കൊങ്കൺ റെയിൽവേയുടെ മുൻ ചെയർമാൻ ശ്രീ. ശ്രീധരനും പങ്കെടുത്തിരുന്നു. കൊച്ചിയിൽ മെട്രോ റെയിൽവേ സ്ഥാപിക്കുന്നതിന് കാബിനറ്റ് തീരുമാനമെടുത്ത് 'റൈറ്റ്സ്' (RITES) എന്ന റെയിൽവേയുടെ പൊതുമേഖലാ സ്ഥാപനത്തെ ചുമതലപ്പെടുത്തി. എന്നാൽ ഉടനെത്തന്നെ തിരുവനന്തപുരത്ത് മെട്രോ റെയിൽവേ എന്നത് 'ട്രാഫിക് ആന്റ് ട്രാൻസ്പോർട്ടേഷൻ സ്റ്റഡി ഫോർ ട്രിവാൻഡ്രം' എന്നാക്കി മാറ്റി. എന്നിട്ട് ടെൻഡർ ക്ഷണിച്ചു. ഏതാണ്ട് 'റൈറ്റ്സ്' ഉൾപ്പെടെ പത്തു സ്ഥാപനങ്ങൾ ടെൻഡർ കൊടുത്തു. 9 എണ്ണത്തിനെ തഴഞ്ഞു, ഒരു സ്വകാര്യ കമ്പനിക്ക് ഇതിന്റെ ടെന്റർ അനുവദിച്ചു കൊടുത്തു, നിരസിച്ച 9 സ്ഥാപനങ്ങളുടേയും ടെൻഡർ സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് ഇതേവരെ അവരെ അറിയിച്ചിട്ടില്ല. കൺസൾട്ടിംഗ് എൻജിനീയറിംഗ് സർവ്വീസസ് എന്ന ഒരു സ്വകാര്യ സ്ഥാപനത്തിനെയാണ് 35 ലക്ഷം രൂപ ചെലവു വരുന്ന ഈ പഠനം ഏൽപ്പിച്ചത്. ശ്രീ. വി.ജെ. തങ്കപ്പൻ മന്ത്രി ആയിരുന്ന 1991-ൽ ഇതേ സ്ഥാപനം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്നു നഗരങ്ങളിലെ ട്രാൻസ്പോർട്ടേഷനെ സംബന്ധിച്ച് സ്റ്റഡി നടത്തി. ഒരു കോടി ഇരുപത് ലക്ഷം രൂപ ചെലവു വരുന്ന ആ റിപ്പോർട്ട് ഗവൺമെന്റിന്റെ പക്കലുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കയ്യിലും ആ റിപ്പോർട്ട് ഉണ്ട്. ആ റിപ്പോർട്ട് ഫീസിബിളല്ല, ശരിയല്ല എന്ന് പറഞ്ഞ് വേൾഡ് ബാങ്ക് അസിസ്റ്റൻസ് നിരസിച്ചിരുന്നു. ഫീസിബിളല്ലാത്ത റിപ്പോർട്ട് സമർപ്പിച്ച അതേ 'സെസ്' എന്ന സ്ഥാപനത്തെയാണ് ഇപ്പോൾ വീണ്ടും ദുരൂഹമായ സാഹചര്യത്തിൽ തിരുവനന്തപുരത്തെ ട്രാൻസ്പോർട്ട് സ്റ്റഡി നടത്തുവാൻ ഏൽപ്പിച്ചിരിക്കുന്നത്. 1991-ൽ ശ്രീ. വി.ജെ. തങ്കപ്പൻ മന്ത്രിയായിരുന്നപ്പോൾ കൊടുത്ത റിപ്പോർട്ടിന്റെ തിരുവനന്തപുരം ഭാഗം എന്നത് അടർത്തിയെടുത്ത് അതിന്റെ റിപ്പോർട്ട് കൊടുക്കുകയും 35 ലക്ഷം രൂപ അവർ കൊള്ളയടിക്കുകയും ചെയ്ത ഒരു സ്ഥിതിയാണ് ഇപ്പോൾ വന്നിരിക്കുന്നത്. മെട്രോ റെയിൽവേ തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനുപകരം - ഇവിടെ ട്രാൻസ്പോർട്ട് സ്റ്റഡി നടത്താൻ കേരളാ ഗവൺമെന്റിന്റെ പൊതുമേഖലാ സ്ഥാപനമായ 'നാട്പാക'ഉണ്ട്'-ഒരു സ്വകാര്യ കമ്പനിയായ സെസ്സിന് 35 ലക്ഷം രൂപ കൊടുത്ത് ഈ സ്റ്റഡിനടത്തേണ്ട കാര്യമില്ല. ഇതൊരു സബ്മിഷനായതുകൊണ്ട് സഭയുടെ ചട്ടമനുസരിച്ച് മറ്റൊന്നും ഞാൻ ഇപ്പോൾ പറയുന്നില്ല. എന്റെ കയ്യിൽ എല്ലാ രേഖകളുമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇതിന്റെ അർത്ഥം ഉൾക്കൊണ്ടുകൊണ്ട് മെട്രോ റെയിൽവേ തിരുവനന്തപുരത്ത് സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിച്ചില്ലെങ്കിൽ അടുത്ത സെക്ഷനിൽ വ്യക്തമായ രേഖകളുമായി എനിക്ക് സഭയിൽ വരേണ്ടി വരും. അതുകൊണ്ട് തിരുവനന്തപുരത്തുകാരനായ മന്ത്രി തിരുവനന്തപുരത്ത് മെട്രോ റെയിൽവേ സ്ഥാപിക്കുന്നതിന് തടസ്സം നിന്നുകൊണ്ട് ഒരു സ്വകാര്യ കമ്പനിക്ക് കാശുണ്ടാക്കാനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കരുതെന്ന് വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു. മറ്റു കാര്യങ്ങളിലേക്ക് ചട്ടമനുവദിക്കാത്തതിനാൽ ഇപ്പോൾ കടക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, തിരുവനന്തപുരം നഗരത്തിലും പ്രാന്തപ്രദേശങ്ങളിലും അനുഭവപ്പെടുന്ന ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടായിരുന്നു. 1999 ജനുവരി 9-ാം തീയതി ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മെട്രോ റെയിൽവേ ആരംഭിക്കുന്നതിന് സമഗ്ര ഗതാഗത സർവ്വേ നടത്തുന്നതിനും അതിന്റെ ചുമതല റെയിൽവേയുടെ കീഴിലുള്ള കേന്ദ്രസർക്കാർ സ്ഥാപനമായ 'റൈറ്റ്സ്' (RITES) കേന്ദ്രഗവൺമെന്റുമായി ആലോചിച്ചശേഷം നൽകുന്നതിനും തീരുമാനമായി. ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾ പരിശോധിച്ചപ്പോൾ ഇത്തരം പഠനങ്ങൾക്ക് സാങ്കേതിക സാമ്പത്തിക മാത്സര്യ വിലപേശൽ വഴി ഏജൻസിയെ കണ്ടെത്തുക എന്നതാണ് അംഗീകൃത നടപടിക്രമം എന്ന് കണ്ടതിനാൽ 12-4-99-ൽ ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ തിരുവനന്തപുരം നഗരത്തിലും പ്രാന്തപ്രദേശങ്ങളിലും മെട്രോ റെയിൽവേ സിസ്റ്റം ഏർപ്പെടുത്തുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്തുന്നതിനായി ഒരു ഏജൻസിയെ കണ്ടെത്താൻ കേന്ദ്രസർക്കാരിൽ നിന്നും ലഘുപട്ടിക ആവശ്യപ്പെടുന്നതിനും അതിൽ നിന്നും ടെൻഡർ ക്ഷണിച്ച് ഏജൻസിയെ തെരഞ്ഞെടുത്ത് സംരംഭവുമായി മുന്നോട്ടു പോകുവാനും തീരുമാനിച്ചു. യോഗ തീരുമാനപ്രകാരം കേന്ദ്ര സർക്കാരിൽ എമ്പാനൽ ചെയ്തിട്ടുള്ള ഏജൻസികളുടെ ലിസ്റ്റ് ലഭ്യമാക്കുകയും പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 20 ഏജൻസികൾക്കും ഇത് സംബന്ധിച്ച് അറിയിപ്പു നൽകുകയും അവരിൽ 14 ഏജൻസികൾ കേന്ദ്രസർക്കാരിന്റെ നിർദ്ദേശത്തോടും സഹായത്തോടുംകൂടി സംസ്ഥാന സർക്കാർ തയ്യാറാക്കിയ ബിഡ് ഡോക്കുമെന്റ്സ് വാങ്ങുകയും അതിൽ റൈറ്റ്സ് ഉൾപ്പെടെ 10 ഏജൻസികൾ മത്സരത്തിൽ പങ്കെടുക്കുകയും ചെയ്തു. മേൽപ്പറഞ്ഞ പത്തു ഏജൻസികളിൽ മൂന്നു ഏജൻസികൾ മാത്രമാണ് പ്രഥമ ഘട്ടമായ സാങ്കേതിക പരിശോധനയിൽ വിജയികളായത്. ഇവരുടെ സാമ്പത്തിക ഓഫർ പരിശോധിച്ചപ്പോൾ ഒന്നാം സ്ഥാനത്തെത്തിയത് ഡെൽഹി ആസ്ഥാനമായിട്ടുള്ള "സെസ്ട്ര ഇൻഡ്യാ ലിമിറ്റഡ്" എന്ന സ്ഥാപനമാണ്. മറ്റുള്ള ഒൻപത് ഏജൻസികളിൽ ഏഴു പേർ സാങ്കേതിക പരിശോധനയിൽ പിൻതള്ളപ്പെട്ട വിവരവും മറ്റ് രണ്ട് ഏജൻസികൾ സാങ്കേതിക പരിശോധനയിൽ വിജയിച്ചുവെങ്കിലും സാമ്പത്തിക മത്സരത്തിൽ പിൻതള്ളപ്പെട്ട വിവരവും അതാത് ഏജൻസികളെ അറിയിച്ചിട്ടുണ്ട്. ഗതാഗത വകുപ്പ് ഇത്തരമൊരു പഠനം ആദ്യമായിട്ടാണ് നടത്തുന്നത്. ഇപ്പോഴത്തെ പഠനത്തിൽ നിലവിലുള്ള ട്രാഫിക് സംവിധാനം 2020 വരെയുള്ള ഗതാഗത ആവശ്യങ്ങളും ഹ്രസ്വകാല-മദ്ധ്യകാല-ദീർഘകാല പരിഹാരമാർഗ്ഗങ്ങളും മെട്രോ റെയിൽവേ സിസ്റ്റം ഉൾപ്പെടെയുള്ള പരിഹാരമാർഗ്ഗങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ ഇവിടെ നടന്ന യോഗത്തിന്റെ തീരുമാനത്തെത്തുടർന്ന് സാങ്കേതികമായി ഒരു കമ്മിറ്റിയെ നിയോഗിച്ച് ആ കമ്മിറ്റി തെരഞ്ഞെടുപ്പ് നടത്തി, അല്ലാതെ മറ്റൊരു കാര്യത്തെ സംബന്ധിച്ചിടത്തോളവും അറിയില്ല. അംഗത്തിന്റെ കയ്യിൽ എന്തൊക്കെ രേഖകളുണ്ടെന്ന് എനിക്കറിയില്ല. രേഖകൾ വരുന്ന മുറയ്ക്ക് അതിനെ സംബന്ധിച്ച് പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly